**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2576** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം എത്ര സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സൗര പദ്ധതി വഴി കെ.എസ്.ഇ.ബി.എൽ. മുഖേന 364 (1394 KWP) നിലയങ്ങളും അനെർട്ട് മുഖേന 13 കിലോവാട്ട് പവർ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയിലൂടെ പ്രതിമാസം ശരാശരി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതിയിലൂടെ കെ.എസ്.ഇ.ബി.എൽ. മുഖേന പ്രതിമാസം ശരാശരി 1,67,000 യൂണിറ്റും അനെർട്ട് മുഖേന ശരാശരി 1560 യൂണിറ്റും വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ കഴിയുന്നത്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ നിന്നും ഇതുവരെ പദ്ധതിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | (സി) | ഈ മണ്ഡലത്തിൽ നിന്നും സൗര പദ്ധതിയിലേക്ക് കെ.എസ്.ഇ.ബി.എൽ.-ന് 557 അപേക്ഷകളും അനെർട്ടിന് 63 അപേക്ഷകളും ലഭിച്ചതിൽ സാധ്യമായതും ഉപഭോക്തൃ വിഹിതം അടക്കാൻ തയ്യാറായ എല്ലാവർക്കും പ്ളാൻറ് സ്ഥാപിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ